DESPATCHED
C: 26/11/21
22/11/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.380(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6969/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 നവംബർ 22**

| | |
|---|---|
| ശ്രീ. പ്രവീൺ വി.,<br>ഏറെ മുളവൻകോട് റോഡരികത്ത് വീട്,<br>വിട്ടിയറം, ആനാവൂർ പി.ഒ.,<br>തിരുവനന്തപുരം – 695 124. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ ജിയോളജിസ്റ്റ്,<br>മൈനിങ്ങ് & ജിയോളജി വകുപ്പ്,<br>ജില്ലാ ആഫീസ്, കേശവദാസപുരം,<br>പട്ടം പാലസ് പി.ഒ., തിരുവനന്തപുരം. | എതിർകക്ഷി |

| | | |
|---|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | | 09/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | | 11/02/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | | 01/07/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | | 02/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | | 26/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | | 22/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | | 16/11/2021–വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: | പരാതി ഹർജിക്കാരൻ | ഹാജരായി – ആഡിയോ |
| | എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. പ്രവീൺ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഡെൽറ്റ എം–സാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനാനുമതിയുമായി ബന്ധപ്പെട്ട് 09.02.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച് മറുപടിയുടെ അടിസ്ഥാനത്തിൽ 18/- രൂപ പകർപ്പ് ഫീസ് ഒടുക്കി ചലാൻ ഹാജരാക്കിയെങ്കിലും നാളിതുവരെ യാതൊരു രേഖകളും ലഭിച്ചിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഡെൽറ്റാ എം–സാന്റ് പ്രൈവറ്റ് ലിമിറ്റഡ്, വട്ടക്കുളമല, ആനാവൂർ

എന്ന ക്വാറി, ക്രഷർ സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള മൈനിംഗ് ആന്റ് ലീസ്, പ്രൊസ്പെക്ടിംഗ് ലൈസൻസ് റെക്കണൈസൻസ് പെർമിറ്റ്, ക്വാറിയിംഗ് ലീസ് (ഗ്രാനൈറ്റ്സ് ബിൽഡിംഗ് സ്റ്റോൺ), പ്രോസ്പെക്ടിംഗ് ലൈസൻസ് (ഗ്രാനൈറ്റ്സ് ഡൈമെൻഷൻ സ്റ്റോൺ) ക്വാറിയിംഗ് പെർമിറ്റ് (ഗ്രാനൈറ്റ്സ് ബിൽഡിംഗ് സ്റ്റോൺ, ചെങ്കല്ല്, ലാറ്ററൈറ്റ് ബിൽഡിംഗ്സ് സ്റ്റോൺ, ചെറുകിട ധാതുക്കൾ എന്നിവ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള ഡീലേഴ്സ് ലൈസൻസ്, രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് ലൈസൻസ്, ധാതു രത്നകല്ല് പരിശോധന, രാസപരിശോധന എന്നിവയുടെ മുഴുവൻ വിവരങ്ങൾ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.02.2021 തീയതി എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഡെൽറ്റാ എം-സാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരിങ്കല്ല് ഖനനത്തിന് രണ്ട് ക്വാറിയിംഗ് ലീസുകളും ഒരു ആർ.എം.സി.യു. ഉം അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ പകർപ്പുകൾക്ക് 18/- രൂപ ഒടുക്കി ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നുമാണ്.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. പ്രവീൺ വി., 9.02.2021 തീയതി സമർപ്പിച്ച അപേക്ഷയിന്മേൽ 11.2.2021 തീയതി എതിർകക്ഷി ആഫീസിൽ നിന്നും മറുപടി ലഭ്യമാക്കിയിരുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് യഥാസമയം ലഭ്യമാക്കിയിട്ടില്ലാ എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 13.10.2021 തീയതി പ്രസ്തുത രേഖകളുടെ പകർപ്പ് അപേക്ഷകന് അയച്ചിട്ടുള്ളതാണെന്നും ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പകർപ്പ് ലഭ്യമായിട്ടില്ല എന്ന വിവരം എതിർകക്ഷി ഓഫീസിന്റ ശ്രദ്ധയിൽപെടുകയുണ്ടായില്ലെന്നും പിന്നീട് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ പകർപ്പ് സ്പീഡ് പോസ്റ്റിൽ അയച്ചു കൊടുക്കുകയാണ് ചെയ്തിട്ടുള്ളതെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖയുടെ പകർപ്പുകൾക്കായി 18/- രൂപ ഒടുക്കി അസൽ ചെലാൻ ഹാജരാക്കാൻ 11.2.2021-ലെ കത്തിൽ ആവശ്യപ്പെട്ടതിൻപ്രകാരം ഹർജിക്കാരൻ ടി തുക ഒടുക്കി ചെലാൻ ഹാജരായിട്ടും രേഖകളുടെ പകർപ്പുകൾ അയച്ചു കൊടുത്തത് 21.10.2021-ലാണെന്ന് കാണുന്നു. ഇത്രയും കാലതാമസം വരുത്തി രേഖകൾ അയച്ചു കൊടുത്തത് വിവരാവകാശ നിയമം 7(3)(എ) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പകർപ്പുകൾക്ക് ഫീസ് ഒടുക്കിയിട്ടും വളരെ കാലതാമസം വരുത്തി പകർപ്പുകൾ അയച്ചു കൊടുത്ത എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാനടപടി സ്വീകരിക്കുവാൻ

കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 13.10.2021-ന് അയച്ചു കൊടുത്തിരുന്നതായും ആയത് ലഭിച്ചിട്ടില്ല എന്ന് ബോധ്യമായതിനെ തുടർന്ന് സ്പീഡ് പോസ്റ്റായി 21.10.2021-ന് വീണ്ടും അയച്ചു കൊടുത്തതായും കാണുന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us